" ഭരണഭാഷ മാതൃഭാഷ "

**അഡീഷണൽ എക്സൈസ് കമ്മീഷണറുടെ (ഭരണം) നടപടിക്രമം, കേരളം, തിരുവനന്തപുരം.**

**(സാന്നിദ്ധ്യം - ഡി.രാജീവ്, ഐ.ഓ.എഫ്.എസ്)**

വിഷയം - എക്സൈസ് വകുപ്പ്- എക്സൈസ് ഭരണപരം - കോട്ടയം ഡിവിഷനിലെ പ്രിവന്റീവ് ഓഫീസർമാരുടെ 01.01.2009 മുതൽ 19.08.2011 വരെയുള്ള കാലയളവിലെ സീനിയോരിറ്റി ലിസ്റ്റ് അന്തിമമായി പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം - 1) ഉത്തരവ് നമ്പർ ഇ എക്സ് സി/1074/2016/എക്സ് ഡി 3-KTM തീയതി 19.10.2019.

2) 30.12.2020 ലെ 840/2020/നി.വ നമ്പർ സർക്കാർ ഉത്തരവ്.

3) ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ 02.02.2022 തീയതിയിലെ OA-1293/2020 നമ്പർ അന്തിമ ഉത്തരവ്.

4) കോട്ടയം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ 12.04.2022 തീയതിയിലെ K1 /2774/2016-KS1 നമ്പർ കത്ത്.

5) ഉത്തരവ് നമ്പർ ഇ എക്സ് സി/1074/2016/എക്സ് ഡി 3-KTM തീയതി 25.04.2022

**ഉത്തരവ് നമ്പർ ഇ എക്സ് സി/1074/2016/എക്സ് ഡി 3- KTM തീയതി: 03.06.2022**

കോട്ടയം ഡിവിഷനിലെ പ്രിവന്റീവ് ഓഫീസർമാരുടെ 01.01.2009 മുതൽ 19.08.2011 വരെയുള്ള കാലയളവിലെ സീനിയോരിറ്റി ലിസ്റ്റ് പരമാർശം 1 പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത ലിസ്റ്റിനെതിരെ ശ്രീ.രാഹുൽ രാജ് മുതൽ പേർ സർക്കാരിനെയും ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെയും സമീപിച്ചിരുന്നതും തുടർന്ന് പരമാർശം 2 പ്രകാരം സർക്കാർ KS&SSR ചട്ടം 27 പ്രകാരം സീനിയോരിറ്റി ലിസ്റ്റ് പുനഃക്രമീകരിക്കുന്നതിന് എക്സൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. മേൽ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ ടി കാലയളവിലെ പ്രിവന്റീവ് ഓഫീസർമാരുടെ സീനിയോരിറ്റി ലിസ്റ്റ് ലഭ്യമാക്കുവാൻ കോട്ടയം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർക്ക് നിർദേശം നൽകുകയും, പരമാർശം 4 പ്രകാരം കോട്ടയം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ പ്രിവന്റീവ് ഓഫീസർമാരുടെ ലിസ്റ്റ് ലഭ്യമാക്കുകയും തുടർന്ന് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ചട്ടപ്രകാരം സർക്കാർ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റ് പരമാർശം 5 പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത ലിസ്റ്റിനെതിരെ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ(ഗ്രേഡ്) ആയ സ/ശ്രീ. പി.ജെ.ടോംസി, എൻ.കെ.സുനിൽ കുമാർ, പ്രിവൻറിവ് ഓഫീസർമാരായ സ/ശ്രീ. മനോജ്.ടി.ജെ, രാജീവ്.കെ, കൃഷ്ണകുമാർ.എ, സജികുമാർ പി കെ എന്നിവർ പരാതി സമർപ്പിക്കുകകയുണ്ടായി. പരാതിക്കാരുടെ ആവശ്യം പരിഗണിച്ച് നിവേദകരെ 18.05.2022-ൽ നേരിൽ കേൾക്കുകയുണ്ടായി.